**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 397** | **08-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ ചെറുകിട വ്യവസായക്കാരുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ ചെറുകിട വ്യവസായക്കാരെ സംരക്ഷിക്കുന്നതിന് വേണ്ടി പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; | (എ) | ഉണ്ട്. കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായ ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടി കോവിഡിന്റെ ആദ്യതരംഗം രൂപപ്പെട്ട 2020-21 വർഷം മുതൽ സംസ്ഥാന സർക്കാർ 'വ്യവസായ ഭദ്രത' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and Working Capital Loan പദ്ധതി പ്രകാരം 01.04.2020 മുതൽ 31.12.2020 വരെ എം.എസ്.എം.ഇ യൂണിറ്റുകൾ എടുത്തിട്ടുള്ള വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan & Working Loan) 30,000 രൂപ പരമാവധി 60,000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | വയനാട് ജില്ലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ? | (ബി) | വ്യവസായ പ്രോത്സാഹനത്തിനായുള്ള കേന്ദ്ര - സംസ്ഥാന പദ്ധതികൾ വയനാട് ജില്ലയിൽ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ, ജില്ലയിൽ സംരംഭകരിലൂടെ 500 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വാണിജ്യ വകുപ്പ് ലക്ഷ്യമിടുന്നു. ഇതിലൂടെ 32 കോടി രൂപ നിക്ഷേപവും, 1750 ഓളം തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ